# പരിസര പഠനം

## ENVIRONMENTAL STUDIES


# രണ്ടാംതരം

## STANDARD TWO

## രണ്ടാം I

## TERM I

# 1. വൃക്ഷം, ചെറുസസ്യം, ആരോഹി



മണ്ണിൽ ജനിച്ച് മണ്ണിനെ
സംരക്ഷിക്കും സസ്യമേ!
മഴ നൽകി മണ്ണിനെ
സംരക്ഷിക്കും സസ്യമേ!
ആഹാരമായ് ഔഷധമായ് ജീവനെ
സംരക്ഷിക്കും സസ്യമേ !
നിന്നെ ദിവസവും ശ്രദ്ധയോടെ
സംരക്ഷിക്കാം സസ്യമേ !







**പുല്ല്...**

- ഭൂമിയുടെ പ്രതലത്തോട് പറ്റിച്ചേർന്ന് വളരുന്നു.
- വളരെ ചെറുസസ്യമാണിത്.
- മണ്ണൊലിപ്പ് തടയുന്നു.

പരിസര പഠനം




## ആരോഹി...

(മുകളിലേക്ക് പടർന്നു കയറുന്ന ചെടി)

- മെലിഞ്ഞ് മൃദുവായ തണ്ടോടുകൂടിയ സസ്യം.
- നിവർന്ന് നില്ക്കാൻ കഴിയില്ല.
- മുകളിലേക്ക് വളരാൻ ഒരു താങ്ങ് ആവശ്യമാണ്.

## ഇഴവള്ളി...

(നിലത്ത് പടർന്ന് വളരുന്ന ചെടി)

- ബലഹീനമായതും മൃദുവായ കാണ്ഡത്തോടു കൂടിയതുമായ ചെടി.
- ഭൂപ്രതലത്തിൽ പടർന്നു വളരുന്നു.
- വലിപ്പമുള്ള ഫലങ്ങൾ.






ഓഷധി...

- ചെറിയ സസ്യം
- മൃദുവും ബലഹീനവുമായ കാണ്ഡം
- ഇതിന് ആയുർദൈർഘ്യം വളരെ കുറവാണ്.




കുറ്റിച്ചെടി...

- വളരെ ചെറിയ സസ്യവിഭാഗം.
- മെലിഞ്ഞ അൽപം ദൃഢമായ കാണ്ഡത്തോടു കൂടിയവ.
- ഇടതിങ്ങിയ ശാഖകളോടു കൂടിയവ.




മരം...


- ഉയരത്തിൽ വളരുന്നു.
- വളരെ കാഠിന്യമുള്ളതും ബലമുള്ളതുമാണ് ഇതിന്റെ കാണ്ഡം.
- ശാഖകൾ കാണപ്പെടുന്നു.
- വർഷങ്ങളോളം നിലനില്ക്കുന്നവയാണ്.




- കൂടു കെട്ടാനായി പക്ഷികൾ എതെല്ലാം വിഭാഗത്തിൽപ്പെട്ട സസ്യങ്ങളെയാണ് അന്വേഷിച്ചത്?

________________________________
________________________________
________________________________
________________________________
________________________________
________________________________
________________________________

# സസ്യഭാഗങ്ങളെ നമുക്ക് മനസ്സിലാക്കാമോ?




നിങ്ങൾകണ്ടിട്ടുള്ള.........

- വലിയ പുഷ്പം കാണപ്പെടുന്ന സസ്യമേത് ?
- മെലിഞ്ഞ ചെറിയ കാണ്ഡമുള്ള സസ്യമേത് ?
- വീതിയേറിയ ഇലകളുള്ള സസ്യമേത് ?
- എല്ലാ സസ്യങ്ങളും വേരിന്റെ സഹായത്താലാണ് മണ്ണിൽ ഉറപ്പിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ ?

വേര്, കാണ്ഡം, ഇല, പുഷ്പം, കായ്, പഴം
എന്നിവ സസ്യത്തിന്റെ വിവിധഭാഗങ്ങളാകുന്നു.






## കണ്ടെത്തൂ ...

- എവിടെയാണ് തത്ത ഇരിക്കുന്നത്?
- എവിടെ നിന്നാണ് പാമ്പ് വരുന്നത്?
- വെട്ടുക്കിളി എവിടെയാണ് ഇരിക്കുന്നത്?
- ഓന്ത് എവിടെയാണ് കയറുന്നത്?
- ചിത്രശലഭം തേൻ അന്വേഷിച്ച് എവിടേയ്ക്കാണ് പറന്നു ചെല്ലുന്നത്?
- സസ്യത്തിന്റെ ഏതുഭാഗത്തേക്കാണ് ഉറുമ്പുകൾ പോകുന്നത്?










## തരം തിരിക്കാമോ ?

മരം - 1, ഓഷധി - 2, ആരോഹി -3, ഇഴവള്ളി -4, പുല്ല് -5, കുറ്റിച്ചെടി - 6



മാവ്



റോസ



കേരവൃക്ഷം



പുല്ല്



വാഴ




തുളസി



ചെമ്പരത്തി



മത്തൻ



തക്കാളി



പടവലം



കത്തിരി



സൂര്യകാന്തി


## വരച്ചു യോജിപ്പിക്കുക !




- എനിക്കു ചുറ്റും ചിത്രശലഭങ്ങൾ പറക്കുന്നു.




- ഞാൻ സസ്യത്തെ മണ്ണിൽ ഉറപ്പിച്ചു നിറുത്തുകയും വെള്ളം വലിച്ചെടുക്കുകയും ചെയ്യുന്നു.



- ഞാൻ ഇലകളെയും പൂക്കളെയും വഹിക്കുന്നു.





- എനിക്ക് പച്ചനിറമാണ്.





- എനിക്ക് നല്ല മധുരമുണ്ട്


## നിറം കൊടുത്തിട്ടുള്ള സസ്യഭാഗങ്ങളുടെ പേരുകൾ നമുക്കെഴുതാം...!














## ക്രമപ്പെടുത്താമോ!

**ഉയരമനുസരിച്ച് സസ്യങ്ങളുടെ പേരുകൾ ക്രമീകരിച്ച് എഴുതാമോ!**







1. ______________________

2. ______________________

3. ______________________

**ഇലകൾകൊണ്ട് നമുക്കൊരു തോരണം നിർമ്മിക്കാമോ!**

വ്യത്യസ്ത തരത്തിലുള്ള ഇലകൾ ശേഖരിച്ച് ഒരു തോരണം നിർമിച്ച് ക്ലാസ്സ് മുറിയിൽ തൂക്കുക.



**ചെയ്തുകൊണ്ടുവരാമോ!**

ദിനപത്രങ്ങളിലും മാസികകളിലും പ്രസിദ്ധീകരിക്കുന്ന മരം, ചെടി, വള്ളികൾ, പൂക്കൾ തുടങ്ങിയവയുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കികൊണ്ടുവരിക.





### ചെയ്തു നോക്കൂ!


ചായം കലക്കിയ വെള്ളത്തിൽ മുക്കിയ കൈകൾ ഉപയോഗിച്ച് നമുക്ക് ഒരു മരത്തിന് രൂപം കൊടുക്കാമോ ?

## വിവരങ്ങൾ ശേഖരിച്ച് തരംതിരിക്കാമോ !

നിങ്ങളുടെ പ്രദേശത്തുകാണപ്പെടുന്ന ഔഷധസസ്യങ്ങളെ ഓഷധി, വള്ളി, മരം എന്നിങ്ങനെ തരംതിരിച്ച് പട്ടികയിലാക്കുക

| ക്രമ നമ്പർ | ഔഷധസസ്യം | സസ്യത്തിന്റെ തരം |
| --- | --- | --- |
| 1. | തുളസി | ഓഷധി |
| 2. | ________ | ________ |
| 3. | ________ | ________ |
| 4. | ________ | ________ |
| 5. | ________ | ________ |
| 6. | ________ | ________ |

### നിങ്ങൾക്കറിയാമോ?



ഈ വിത്തിൽ നിന്ന് മുളയ്ക്കുന്ന സസ്യം ഏതാണ് ?
വിത്ത് മുളയ്ക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ എന്തെല്ലാം ?


________________________________

________________ , ________________

________________ , ________________



# 2. നമുക്ക് പറക്കാം...!



## ഞാൻ ആരാണെന്ന് കണ്ടെത്തൂ!

ഞാൻ പച്ച നിറക്കാരനാണ്, "കീ...കീ..." എന്നു ഞാൻ ശബ്ദിക്കും, എന്റെ കൊക്ക് ചുവപ്പാണ്.



എനിക്ക് വിരലിട ചർമ്മമുണ്ട്, വേഗത്തിൽ നടന്നാൽ ഞാൻ വീണുപോകും, ഞാൻ "ക്വാക്...ക്വാക്..." എന്ന് ശബ്ദിക്കും.



എന്റെ കണ്ണുകൾ വലുതാണ്, എന്റെ കഴുത്തിനെ ഏതു ദിശയിലും ചലിപ്പിച്ച് എനിക്ക് നിരീക്ഷിക്കാൻ കഴിയും.



എനിക്ക് വെള്ളനിറവും നീളമുള്ള കാലുകളും കൊക്കുമുണ്ട്, എന്റെ കൊക്കുപയോഗിച്ച് ഞാൻ മീൻ പിടിക്കുന്നു.



എനിക്ക് കറുത്ത നിറമാണ്, "കാ... കാ..." എന്നു ഞാൻ ശബ്ദിക്കും, ഞാൻ ആഹാരം മറ്റുള്ളവരുമായി പങ്കിട്ട് ഭക്ഷിക്കും.



## വർണ്ണം ഇത് ! പക്ഷി ഏത് ? കണ്ടുപിടിക്കാമോ!

| ക്രമ നമ്പർ | പക്ഷിയുടെ വർണ്ണം | പക്ഷിയുടെ പേര് |
|---|---|---|
| 1 | വെള്ള | പ്രാവ് ____ |
| 2 | കറുപ്പ് | ____ കാക്ക |
| 3 | പച്ച | തത്ത ____ |

## പക്ഷികളുടെ ആഹാരം കണ്ടെത്തൂ!



- പഴങ്ങൾ ഭക്ഷിക്കുന്ന പക്ഷികൾ____________________.
- ചെറു പ്രാണികളെയും പുഴുക്കളെയും ഭക്ഷിക്കുന്ന

  പക്ഷികൾ____________________.
- പഴങ്ങളെയും ചെറുപ്രാണികളെയും ഭക്ഷിക്കുന്ന

  പക്ഷികൾ____________________.

## പക്ഷിക്കൂടുകൾ നിങ്ങൾ കണ്ടിട്ടുണ്ടോ?





### പക്ഷികൾ

- മരച്ചില്ലകളിൽ കൂടു കെട്ടി ജീവിക്കുന്നവ
- പൊത്തുകളിൽ ജീവിക്കുന്നവ.
- ഇലകൾ കൊണ്ട് കൂടുണ്ടാക്കുന്നവ.

പക്ഷികൾ കൂടുണ്ടാക്കുന്ന മറ്റു ചില സ്ഥലങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ?

______________________________

______________________________

______________________________







### കൂടു നിർമ്മിക്കാൻ...

- കമ്പ്
- നൂലുകൾ
- പഞ്ഞി
- നാരുകൾ
- ഇല





മുകളിൽ പറഞ്ഞവയല്ലാതെ മറ്റേതെങ്കിലും വസ്തുക്കൾ ഉപയോഗിച്ച് അവ കൂട് കെട്ടാറുണ്ടോ ?

ചർച്ച ചെയ്യാം !

രക്ഷാകർത്തൃ സംരക്ഷണം പക്ഷികളിൽ .........





പക്ഷികൾ:

- മുട്ടയിട്ട്, അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുന്നു.
- അവയുടെ കുഞ്ഞുങ്ങളെ കൂട്ടിൽ വെച്ച് സംരക്ഷിക്കുന്നു.
- സ്നേഹത്തോടെ അവയുടെ കുഞ്ഞു ങ്ങളെ സംരക്ഷിക്കുന്നു.
- കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുന്നു.
- ശത്രുക്കളിൽ നിന്ന് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു.





ചിത്രത്തിൽ കാണുന്ന പക്ഷികളുടെ പേരുകൾ
കണ്ടുപിടിച്ച് പട്ടികയിലാക്കാമോ!




| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

കടങ്കഥയ്ക്ക് ഉത്തരം എഴുതുക.

- ഞാൻ ഉയരത്തിൽ പറക്കും, എന്നാൽ ഞാനൊരു കുരുവിയല്ല.
  ആരാണ് ഞാൻ ? ____________________
- ഞാൻ നൃത്തം ചെയ്യും, എന്നാൽ ഞാനൊരു നർത്തകനല്ല
  ആരാണ് ഞാൻ ?____________________
- രാത്രിയിൽ മാത്രം എനിക്ക് കാണാൻ കഴിയും, എന്നാൽ
  ഞാനൊരു അന്ധനല്ല. ആരാണ് ഞാൻ ?____________________
- മീനിനായി ഒറ്റ കാലിൽ തപസ്സു ചെയ്യും, എന്നാൽ ഞാനൊരു
  സന്യാസിയല്ല. ആരാണ് ഞാൻ ?____________________

ചെയ്തു നോക്കൂ ...

കടലാസ് മടക്കി പക്ഷിയെ നിർമ്മിക്കാം!




നിങ്ങൾക്കറിയാമോ ?

ചില പക്ഷികൾക്ക് കൂട് കെട്ടാൻ സാധിക്കില്ല. എന്തുകൊണ്ട്?





# 3. മൃഗങ്ങൾ




കാട്ടിലെ കളിസ്ഥലത്തിൽ മൃഗങ്ങൾ ഓട്ടമത്സരത്തിന് തയ്യാറെടുക്കുകയാണ്.








- ഈ മത്സരത്തിൽ പങ്കെടുക്കുന്ന ഏതു മൃഗത്തിനെയാണ് നിങ്ങൾക്കിഷ്ടം ?
- ഏതെല്ലാം മൃഗങ്ങളാണ് മത്സരം തുടങ്ങി വച്ചത്?



ഓട്ടമത്സരത്തിൽ ഏതെല്ലാം മൃഗങ്ങളാണ് പങ്കെടുത്തത്?

1. ____________________
2. ____________________
3. ____________________
4. ____________________
5. ____________________
6. ____________________
7. ____________________
8. ____________________

ഏത് മൃഗമാണ് വിജയിച്ച് കപ്പ് നേടിയത് ? ____________________

## ഞങ്ങളെ അറിയാമോ ?



എന്റെ ശരീരത്തിൽ പുള്ളികളുണ്ട്.
ഞാൻ വേഗത്തിൽ ഓടും



മൃഗങ്ങളിൽ ഉയരക്കാരൻ ഞാനാണ്
എനിക്ക് നീളമേറിയ കഴുത്തുണ്ട്.



ഞാൻ പാൽ നൽകുന്നു. ഞാനൊരു
വളർത്തു മൃഗമാണ്.



എന്റെ ആഹാരം ഇലകളാണ്. എന്റെ
കാഷ്ഠം സസ്യങ്ങൾക്ക് വളമായി ഉപയോഗി
ക്കുന്നു.



എനിക്കൊരു തുമ്പിക്കൈ ഉണ്ട്.
വൃക്ഷശിഖരങ്ങളെ ഒടിക്കാനുള്ള ബലം
എനിക്കുണ്ട്.



ഞാൻ കരയിലും വെള്ളത്തിലും
ജീവിക്കും. എനിക്ക് വേഗത്തിൽ ഓടാൻ
കഴിയില്ല.



ഞാൻ കാണാൻ നായയെപ്പോലെയാണ്.
ഞാൻ ഓരിയിടും.



എനിക്ക് വരകളുള്ള ശരീരമാണുള്ളത്.
ഞാൻ മൃഗങ്ങളെ വേട്ടയാടും.





എന്താണ് എന്റെ ആഹാരം?

ചിത്രം നോക്കി ഉത്തരം പറയാമോ?

അണ്ണാൻ ____________

മുതല ____________

ജിറാഫ് ____________

മാൻ ____________





നോക്കൂ, എന്റെ മാതാപിതാക്കളോടൊപ്പം ഞാനെങ്ങനെയാണ് ജീവിക്കുന്നതെന്ന് ...



സുരക്ഷിതമായി ചുമന്നു ചെല്ലുന്ന
അമ്മയോടൊപ്പമാണ് ഞാൻ.



എന്റെ മാതാവിന്റെ
സംരക്ഷണയിൽ ഞാൻ
സന്തോഷവാനാണ്.



പാലൂട്ടുന്ന അമ്മയോടൊപ്പമാണ്
ഞാൻ.



ഞാൻ പാൽകുടിക്കുമ്പോഴും,
എന്റെ സുരക്ഷിതത്വത്തിൽ
ജാഗരൂകയായ അമ്മ.



അമ്മ ആഹാരമന്വേഷിച്ച് പോകു
മ്പോൾ ഞാനും പിൻതുടരുന്നു.

ഞാൻ സന്തോഷത്തോടെ യാത്ര
ചെയ്യാൻ എന്റെ ഭാരവും സുഖ
മായി കരുതുന്ന അമ്മ.



പരിസര പഠനം

സ്നേഹിതരേ! വംശനാശത്തിൽ നിന്നും ഞങ്ങളെ സംരക്ഷിക്കൂ!













**കടങ്കഥകൾക്ക് ഉത്തരം നല്കി ഞങ്ങളെ വരയ്ക്കുക.**


മുൻകാലുകൾ ചെറുതും,
പിൻ കാലുകൾ നീളമുള്ളതും,
കാതുകൾ നീളമേറിയതും
കണ്ണുകൾ ചുവപ്പുമാണ്.

ഞാൻ ആരാണ് ?



മുറം പോലെ കാതുകൾ,
മുൻ ദന്തങ്ങൾനീണ്ടത്,
മുതുകിൽ കയറാം,
അനുഗ്രഹം നേടാം.

ഞാൻ ആരാണ് ?




## നിങ്ങൾക്കറിയാമോ ?


ഏറ്റവും വലിയ ജീവി തിമിംഗലമാണ്.
ആഹാരമന്വേഷിച്ച് 1000 മീറ്റർ മുതൽ 2000
മീറ്റർ വരെ ആഴത്തിൽ സഞ്ചരിക്കും.
90 മുതൽ 100 വരെ മിനിട്ടുകൾ
ശ്വാസം പിടിച്ചു നിറുത്താനും ഇതിനു
കഴിയും. ഇതൊരു മത്സ്യമല്ല.
ഇത് മുട്ടയിടുകയില്ല
കുഞ്ഞിനെപ്രസവിച്ച് പാലൂട്ടും.



## എന്റെ വാൽ ഏതാണ്...? യോജിപ്പിക്കാമോ?




ഈ വിചിത്ര മൃഗത്തിൽ ഒളിഞ്ഞിരിക്കുന്ന വന്യമൃഗങ്ങളെയും
വളർത്തുമൃഗങ്ങളെയും കണ്ടുപിടിച്ച് അവയുടെ പേരെഴുതുക



| വന്യമൃഗങ്ങൾ | വളർത്തു മൃഗങ്ങൾ |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |
| | |


## പഞ്ഞിച്ചുരുൾ കൊണ്ട് മൃഗത്തെ നിർമ്മിക്കാമോ!

- ഒരു ഡ്രോയിംഗ് പേപ്പറിൽ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ സിംഹത്തിന്റെ രൂപം വരച്ച് വെട്ടിയെടുക്കുക.
- പഞ്ഞിചുരുളിന്റെ ഒരഗ്രത്ത് സിംഹത്തിന്റെ മുൻഭാഗം പശകൊണ്ട് ഒട്ടിക്കുക.
- മറ്റേ അഗ്രത്തിൽ പിൻഭാഗം ഒട്ടിച്ച് പഞ്ഞിച്ചുരുൾമൃഗത്തെ ചിത്രത്തിൽ ഉളളതു പോലെ നിർമ്മിക്കാം.



### ചർച്ച ചെയ്യാമോ !

മൃഗസംരക്ഷണസംഘടനയുടെ (Blue Cross) പ്രവർത്തനങ്ങളെക്കുറിച്ച് മാതാപിതാക്കളോട് വിവരങ്ങൾ ശേഖരിച്ച് കൂട്ടുകാരുമായി ചർച്ച ചെയ്യുക.



ബ്ലാക്ക് ബോർഡിൽ തരംതിരിച്ച്
പട്ടിക പൂർത്തിയാക്കാമോ?

II std

No.on Roll : 34
No. Present: 32

| മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിക്കുന്നവ | കുഞ്ഞുങ്ങളെ പ്രസവിക്കുന്നവ |
|---|---|
| ________________ | ________________ |
| ________________ | ________________ |
| ________________ | ________________ |
| ________________ | ________________ |

മുട്ടയിട്ട് അട ഇരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുന്ന ജീവികൾ ________________.

കുഞ്ഞുങ്ങളെ പ്രസവിച്ച് പാലൂട്ടി വളർത്തുന്ന മൃഗങ്ങൾ ________________.


## നിങ്ങൾക്കറിയാമോ ?

അണ്ണാൻ തന്റെ മുൻപല്ലുകളുപയോഗിച്ച് എപ്പോഴും കൊറിച്ചുകൊണ്ടിരിക്കും. എന്തെന്നാൽ അവ അങ്ങനെ ചെയ്തില്ലെങ്കിൽ പല്ലുകൾ വളർന്ന് വായ് ചലിപ്പിക്കാൻ സാധിക്കാതാകും. അങ്ങനെ ആഹാരം കാർന്നു തിന്നാൻ സാധിക്കാതെ അവ ചത്തുപോകും.



## നിങ്ങൾക്കറിയാമോ ?

ആൺമയിലിനെയും പെൺമയിലിനെയും എങ്ങനെ വേർതിരിച്ചറിയാം ?



# 4. നമ്മുടെ ശരീരം








| | | |
|---|---|---|
| കണ്ണേ! | നല്ലതു | കാണൂ. |
| കാതേ ! | അർത്ഥമുള്ളവ | കേൾക്കൂ. |
| മൂക്കേ ! | നന്നായി | മണത്തറിയൂ. |
| വായേ ! | നല്ല വാക്കുകൾ | സംസാരിക്കൂ. |
| കൈയ്യേ! | മനോഹരമായി | എഴുതൂ . |
| കാലേ ! | ധൈര്യമായി | നടക്കൂ . |







കളിസ്ഥലത്തുള്ള നിങ്ങളുടെ കൂട്ടുകാരെ നോക്കൂ.



ഏതൊക്കെ കളികളാണ് അവർ കളിക്കുന്നത്?

_______________ _______________ _______________

നിങ്ങൾ ഏതെല്ലാം കളികളാണ് ഇഷ്ടപ്പെടുന്നത്?

_______________ _______________ _______________

_______________ _______________ _______________

ലഘുവ്യായാമങ്ങൾ നമ്മുടെ ശരീരത്തെ ദൃഢമായും ആരോഗ്യമായും സൂക്ഷിക്കാൻ സഹായിക്കുന്നു.

ശരിയായ ശരീര അവയവങ്ങളെ കണ്ടുപിടിച്ച് എഴുതാമോ!

രാധ________________ ൽ കമ്മൽ അണിഞ്ഞിരിക്കുന്നു.

രാജ________________ ൽ തൊപ്പി ധരിച്ചിരിക്കുന്നു.

രാധ________________ ൽ കൊലുസ് ധരിച്ചിരിക്കുന്നു.

രാധ________________ ൽ വളയിട്ടിരിക്കുന്നു.

രാജ________________ ൽ കണ്ണട വെച്ചിരിക്കുന്നു.

രാധ________________ ൽ മുത്തുമാല അണിഞ്ഞിരിക്കുന്നു.

നമ്മുടെ ശരീരത്തിൽ തല, കണ്ണുകൾ, കാതുകൾ, മൂക്ക്, വായ്, കഴുത്ത്, കൈകൾ, കാലുകൾ തുടങ്ങിയ അവയവങ്ങൾ കാണപ്പെടുന്നു.

താഴെ കാണുന്ന വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സംവേദനങ്ങളെയും അതിനു സഹായിക്കുന്ന അവയവങ്ങളെയും ചിന്തിച്ച് എഴുതാമോ!










നാം.......
കണ്ണുകൾകൊണ്ട് കാണുന്നു,
കാതുകൾകൊണ്ട് കേൾക്കുന്നു,
മൂക്കുകൊണ്ട് ഗന്ധമറിയുന്നു,
വായ്കൊണ്ട് സംസാരിക്കുന്നു,
നാവുകൊണ്ട് സ്വാദറിയുന്നു.

താഴെ കാണുന്ന പ്രവൃത്തികളെ നിരീക്ഷിച്ച് ശരീരത്തിലെ ഇടത് വലതു ഭാഗങ്ങളെ കണ്ടെത്താമോ!













രാധ തന്റെ വലതു കൈകൊണ്ട് ഡിസ്ക് എറിയുന്നു.

രാജ തന്റെ ________ കാലു കൊണ്ട് പന്തടിക്കുകയാണ്.

കല തന്റെ ________ കാതിൽ സ്പർശിച്ചുകൊണ്ടിരിക്കുകയാണ്.


രാമു തന്റെ ________ കൈ ഉപയോഗിച്ച് കളിവണ്ടി ഓടിക്കുകയാണ്.


സെൽവി തന്റെ ________ കയ്യിൽ വാച്ച് കെട്ടിയിരിക്കുന്നു.

സുന്ദർ തന്റെ ________ കയ്യിൽ ബാഗ് പിടിച്ചിരിക്കുന്നു.

## ഞാൻ ആരാണ്? നിങ്ങൾക്കറിയാമോ!

- ശ്വസിക്കുമ്പോൾ ചുരുങ്ങിവികസിക്കും. ഞാൻ ആരാണ് ?
- ഒരുമിനിട്ടിൽ ഏകദേശം 72 പ്രാവശ്യം സ്പന്ദിക്കും. ഞാൻ ആരാണ് ?
- നിങ്ങൾ ചിന്തിക്കാൻ ഞാനാണ് കാരണം. ഞാൻ ആരാണ് ?





## പാവകളി ശ്രദ്ധിക്കാമോ!

ശരീര അവയവങ്ങളെ മാതൃകയാക്കി പാവകൾ തയ്യാറാക്കുക. അവ ഒന്നിനൊന്ന് സംസാരിക്കുന്നതുപോലെ പാവകളി നടത്തിക്കാണിക്കുക










## ചർച്ച ചെയ്യാമോ!

ശരീര അവയവങ്ങളായ കണ്ണുകൾ, കാതുകൾ കൈകൾ, കാലുകൾ, മൂക്ക്, വായ് തുടങ്ങിയ വയെ സംരക്ഷിക്കുന്നതിനെക്കുറിച്ചും, അവയുടെ ഉപയോഗങ്ങളെക്കുറിച്ചും കൂട്ടുകാരോട് ചർച്ച ചെയ്യാം.



### നിങ്ങൾക്കറിയാമോ?

ശരീരത്തിലെ ആന്തരിക അവയവങ്ങളെ കുറിച്ച് നിങ്ങൾക്കറിയാമോ?



## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
## ('I can I did')
## വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |